പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1208

08.02.2013-ൽ മറുപടി നൽകേണ്ടത്

## ഭൂമി വിതരണം ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി. വിജയദാസ് | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ ഭൂരഹിതരായിട്ടുള്ളവർക്ക് ഭൂമി വിതരണം ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ: ഈ വർഷം എത്ര പേർക്ക് ഭൂമി നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) കേരളത്തിൽ ഭൂരഹിത കുടുംബങ്ങളെ കണ്ടെത്തി അവർക്ക് ഭൂമി വിതരണം നടത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതി യാണ് Zero landless (Citizen) Kerala 2015. ഈ പദ്ധതി പ്രകാരം സ്വീകരിച്ച അപേക്ഷകളിന്മേൽ, വില്ലേജാഫീസർ, തഹസീൽദാർ എന്നിവർ അന്വേഷണം നടത്തി ഭൂരഹിതരായ കുടുംബങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചു. അപേക്ഷ സ്വീകരിക്കുന്നതിനുള്ള തീയതി 15.02.2013 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഭൂരഹിതരായ കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമി വീതം നൽകുന്നതിനുള്ള ഭൂമിയുടെ ലഭ്യത ജില്ലാ കളക്ടർമാർ പരിശോധിച്ച് വരുന്നു. 2015 ആഗസ്റ്റിനകം ഭൂരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും ഭൂമി വിതരണം ചെയ്യുന്നതാണ്. |
| (ബി) എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായവരുടെ കണക്ക് ശേഖരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരം നൽകുമോ; എത്ര സെന്റ് ഭൂമി വീതമാണ് ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് നൽകാൻ ഉദ്ദേശിക്കുന്നത്; സമയബന്ധിതമായിത് നൽകുമോ; എങ്കിൽ എത്ര നാളുകൾക്കുള്ളിൽ നൽകാനാകും; വിശദമാക്കുമോ; | (ബി) ഭൂരഹിതരായ കുടുംബങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിൽ എസ്.സി. വിഭാഗത്തിൽ 38205 കുടുംബങ്ങളും എസ്.ടി. വിഭാഗത്തിൽ 2693 കുടുംബങ്ങളുമാണുള്ളത്. അപേക്ഷ സ്വീകരിക്കുന്ന തീയതി 15.02.2013 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂരഹിതരായ കുടുംബത്തിന് 3 സെന്റ് ഭൂമി വീതമാണ് നൽകുന്നത്. മുഴുവൻ ഭൂരഹിത കുടുംബങ്ങൾക്കും 2015 ആഗസ്റ്റോടുകൂടി 3 സെന്റ് ഭൂമി നൽകും. |
| (സി) സംസ്ഥാനത്ത് ഭൂരഹിതരായവരിൽ എസ്.സി/ എസ്.ടി/മറ്റ് വിഭാഗങ്ങൾ എന്നിവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാണോ; ഇവർക്ക് ഭൂമി നൽകുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദ വിവരം നൽകുമോ ? | (സി) പ്രസ്തുത പദ്ധതി പ്രകാരം ലഭ്യമായതും പ്രാഥമിക പരിശോധന പൂർത്തിയാക്കി പ്രസിദ്ധീകരിച്ചതുമായ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എസ്.സി/എസ്.ടി/ മറ്റുള്ളവരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. ഇവർക്ക് 3 സെന്റ് ഭൂമി വീതം |

പതിച്ചു നൽകുന്നതിന് ആവശ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ ത്വരിതഗതിയിൽ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ

# DETAILS OF BENEFICIARIES

| District | No of SC Benificiaries | No of ST Benificiaries | Other Benificiaries |
|---|---|---|---|
| TVPM | 7621 | 24 | 32097 |
| KLM | 4361 | 27 | 23399 |
| PTA | 1474 | 63 | 4242 |
| ALP | 1575 | 51 | 10580 |
| KTM | 1033 | 118 | 8755 |
| IDK | 3271 | 90 | 4871 |
| EKM | 4363 | 146 | 27831 |
| TSR | 5402 | 17 | 21514 |
| PKD | 3523 | 274 | 16635 |
| MLP | 3098 | 117 | 16965 |
| KKD | 626 | 9 | 6510 |
| WYD | 542 | 1417 | 4106 |
| KNR | 772 | 60 | 9094 |
| KSGD | 544 | 280 | 10348 |
| **TOTAL** | **38205** | **2693** | **196947** |

S.O.